# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1960 — 17.12.2012-ൽ മറുപടിയ്ക്ക്

## വനഭൂമി കയ്യേറ്റം

**ചോദ്യം**

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതേവരെ നടന്നതായ വനഭൂമി കയ്യേറ്റം സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

**ഉത്തരം**

ശ്രീ. കെ.ബി. ഗണേഷ്കുമാർ
(വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി)

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതേവരെ റിപ്പോർട്ട് ചെയ്യപ്പെട്ട വനഭൂമി കൈയ്യേറ്റം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പാലക്കാട് വന്യജീവി വിഭാഗം ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ കീഴിലെ പീച്ചി ഡിവിഷനിൽ 5.66 ഹെക്ടറും, സൈലന്റ്‌വാലി ഡിവിഷനിൽ 0.75 ഏക്കർ വനഭൂമിയും കൈയ്യേറ്റം നടന്നു. ആയത് പൂർണ്ണമായും ഒഴിപ്പിച്ചിട്ടുണ്ട്.

കണ്ണൂർ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ കീഴിലുള്ള നോർത്ത് വയനാട്, സൗത്ത് വയനാട് ഡിവിഷനുകളിലായി ആദിവാസികൾ കൂട്ടത്തോടെ 703.78 ഹെക്ടർ വനം കൈയ്യേറിയിരുന്നു. ആയതിൽ 413.648 ഹെക്ടർ കൈയ്യേറ്റം ഒഴിപ്പിക്കുകയും ബാക്കിയുള്ളവ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ തുടർന്ന് വരുകയും ചെയ്യുന്നു.

കോട്ടയം സർക്കിളിന്റെ കീഴിലുള്ള കോട്ടയം ഡിവിഷനിൽ 70 സെന്റ്, മാങ്കുളം ഡിവിഷനിൽ 8.63 ഏക്കർ, കോതമംഗലം ഡിവിഷനിൽ 11.31 ഏക്കർ, മൂന്നാർ ഡിവിഷനിൽ 51 സെന്റ് എന്നിങ്ങനെ വനം കൈയ്യേറ്റം നടന്നിരുന്നു. ആയവ പൂർണ്ണമായും ഒഴിപ്പിച്ചിട്ടുണ്ട്.

പാലക്കാട് സർക്കിളിന്റെ കീഴിലെ നിലമ്പൂർ നോർത്ത് ഡിവിഷനിൽ 63 സെന്റ് കൈയ്യേറിയത് പൂർണ്ണമായും ഒഴിപ്പിച്ചിട്ടുണ്ട്. കൂടാതെ പാലക്കാട് ഡിവിഷനിൽ 1.56 ഹെക്ടർ വനഭൂമി കൈയ്യേറിയതിൽ 1.053 ഹെക്ടർ ഒഴിപ്പിച്ചിട്ടുണ്ട്. ബാക്കിയുള്ള കൈയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

തിരുവനന്തപുരം അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് സർക്കിളിന് കീഴിലുള്ള തിരുവനന്തപുരം വന്യജീവി വിഭാഗം ഡിവിഷനിൽ ഒരേക്കർ വനഭൂമി കൈയ്യേറിയത് പൂർണ്ണമായും ഒഴിപ്പിച്ചു.

........................2)

| | |
|---|---|
| (ബി) റിപ്പോർട്ട് ചെയ്യപ്പെട്ട വനഭൂമി കയ്യേറ്റ കേസ്സുകളുടെയടിസ്ഥാനത്തിൽ കയ്യേറ്റം നടന്നതായി കരുതുന്ന വനഭൂമി എത്ര ഏക്കർ ഉണ്ടെന്ന് വെളിപ്പെടുത്താമോ ; | (ബി) റിപ്പോർട്ട് ചെയ്യപ്പെട്ട വനഭൂമി കയ്യേറ്റ കേസ്സുകളുടെയടിസ്ഥാനത്തിൽ 1779 ഏക്കർ കൈയ്യേറ്റം നടന്നതായി കരുതുന്നു |
| (സി) വനഭൂമി കയ്യേറ്റങ്ങൾ സംബന്ധിച്ച് പ്രസ്തുത കാലയളവിൽ രജിസ്റ്റർ ചെയ്യപ്പെട്ട കേസ്സുകൾ എത്രയാണെന്നു വെളിപ്പെടുത്തുമോ ; | (സി) വനഭൂമി കയ്യേറ്റങ്ങൾ സംബന്ധിച്ച് പ്രസ്തുത കാലയളവിൽ 120 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ഡി) വനഭൂമിയിൽ നിന്നും മരങ്ങൾ മുറിച്ച് മാറ്റിയ സംഭവങ്ങൾ സംബന്ധിച്ച് എത്ര കേസ്സ് രജിസ്റ്റർ ചെയ്യുകയുണ്ടായെന്ന് അറിയിക്കുമോ ; ഏതെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ? | (ഡി) വനഭൂമിയിൽ നിന്നും മരങ്ങൾ മുറിച്ചുമാറ്റിയ സംഭവങ്ങൾ സംബന്ധിച്ച് 748 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിന്റെ വിശദാംശം അനുബന്ധം ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## വനഭൂമിയിൽ നിന്നും മരങ്ങൾ മുറിച്ച് മാറ്റിയ സംഭവം സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസുകൾ

| സർക്കിളിന്റെ പേര് | ഡിവിഷന്റെ പേര് | കേസുകളുടെ എണ്ണം |
|---|---|---|
| കൊല്ലം | തിരുവനന്തപുരം | 22 |
| | അച്ചൻകോവിൽ | 1 |
| | റാന്നി | 22 |
| | തെന്മല | 28 |
| | കോന്നി | 12 |
| കോട്ടയം | കോട്ടയം | 95 |
| | കോതമംഗലം | 112 |
| | മൂന്നാർ | 35 |
| | മറയൂർ | 53 |
| | മാങ്കുളം | 7 |
| തൃശൂർ | തൃശൂർ | 25 |
| | ചാലക്കുടി | 13 |
| | വാഴച്ചാൽ | 2 |
| | മലയാറ്റൂർ | 6 |
| പാലക്കാട് | മണ്ണാർക്കാട് | 45 |
| | നിലമ്പൂർ നോർത്ത് | 45 |
| | നിലമ്പൂർ സൗത്ത് | 4 |
| | നെന്മാറ | 31 |
| | പാലക്കാട് | 27 |
| കണ്ണൂർ | കോഴിക്കോട് | 18 |
| | കണ്ണൂർ | 9 |
| | സൗത്ത് വയനാട് | 29 |
| | നോർത്ത് വയനാട് | 8 |
| | കാസർകോട് | 15 |
| വൈൽഡ് ലൈഫ് പാലക്കാട് | വയനാട് | 36 |
| | സൈലന്റ്‌വാലി | 3 |
| | പീച്ചി | 10 |
| | ആറളം | 1 |
| ഫീൽഡ് ഡയറക്ടർ, കോട്ടയം | പെരിയാർ ഈസ്റ്റ് | 11 |
| | മൂന്നാർ | 18 |
| അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് | തിരുവനന്തപുരം | 4 |
| | ശെന്തുരുണി | 1 |
| ആകെ | | 748 |

സെക്ഷൻ ഓഫീസർ